# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 19<br>December 19 | 2019 |
|---|---|

***1193 ധനു 3*** **വ്യാഴം**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കെപ്കോ ഏജൻസികളുടെ ജില്ലാതല ഉദ്ഘാടനം ഇന്ന്(20)**

സംസ്ഥാന പൗൾട്രി വികസന കോർപറേഷന്റെ കെപ്കോ ഏജൻസികളുടെ ജില്ലാതല ഉദ്ഘാടനം ഇന്ന്(ഡിസംബർ 20) രാവിലെ 9.30ന് അടൂർ റവന്യു ടവറിന് സമീപമുള്ള രജിസ്റ്റോർ അങ്കണത്തിൽ വനം, വന്യജീവി, മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.കെ. രാജു നിർവഹിക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. ആദ്യവിൽപന അടൂർ നഗരസഭ ചെയർപേഴ്സൺ ഷൈനി ബോബി നിർവഹിക്കും.

വാർഡ് കൗൺസിലർ ഷൈനി ജോസ്, കെ.എസ്.പി.ഡി.സി ചെയർപേഴ്സൺ ജെ.ചിഞ്ചു റാണി, മാനേജിംഗ് ഡയറക്ടർ വിനോദ് ജോൺ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എ.പി ജയൻ, കെ.പി ഉദയഭാനു, പഴകുളം മധു, കെ.എസ്.പി.ഡി.സി മാനേജർ വി.സുകുമാരൻ നായർ എന്നിവർ പങ്കെടുക്കും.

ഏഴംകുളം, അടൂർ, കോഴഞ്ചേരി, മല്ലപ്പള്ളി, കുമ്പഴ, കോന്നി, ഏനാത്ത് എന്നീ സ്ഥലങ്ങളിലേയ്ക്കാണ് ആദ്യഘട്ടത്തിൽ കെപ്കോ ഏജൻസികൾ അനുവദിക്കുന്നത്. ചിക്കൻ സംസ്കരിച്ചത് തൊലിയോടു കൂടിയതും, അല്ലാതെയും, കറിക്കരിഞ്ഞത്, സ്പെഷ്യൽ കറിക്കട്ട്, എല്ലില്ലാത്ത ഇറച്ചി, ചിക്കൻ കാലുകൾ, ലിവറും ഗിസാർഡും, ജനതാചിക്കൻ കൂടാതെ ചിക്കൻ കട്ലറ്റ്, ലോലിപോപ്പ്, മാരിനേറ്റഡ് ചിക്കൻ എന്നീ ഉൽപന്നങ്ങൾ ഏജൻസികൾ വഴി ലഭിക്കും.

(പിഎൻപി 3703/19)

**ഇനി ഞാൻ ഒഴുകട്ടെ:**
**ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ നീർച്ചാലുകളുടെ**
**പുനരുജീവനപ്രവർത്തനങ്ങൾ സജീവം**

'ഇനി ഞാൻ ഒഴുകട്ടെ' നീർച്ചാലുകളുടെ ജനകീയ വീെ ടുപ്പിന്റെ ഭാഗമായി ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നീർച്ചാലുകളുടെ പുനരുജീവനപ്രവർത്തനങ്ങൾ സജീവം. ഓമല്ലൂർ, കുറ്റൂർ, കല്ലൂപ്പാറ, കോഴഞ്ചേരി, മല്ലപ്പള്ളി, ചെറുകോൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ തോട് നവീകരണ പ്രവർത്തനങ്ങൾ നടന്നു.

ഓമല്ലൂർ മുള്ളനിക്കാട് മേലേച്ചിറ വലിയ തോടിന്റെ പുനരുജീവന പ്രവർത്തനങ്ങൾ വീണാ ജോർജ് എം.എൽ.എയുടെ നേതൃത്വത്തിൽ നടന്നു. ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിലൂടെ പ്രകൃതിയേയും ജലത്തേയും മണ്ണിനേയും വീെ ടുക്കണമെന്നും തോടുകൾക്ക് സമീപമുള്ള സ്ഥലങ്ങളിൽ പച്ചക്കറി കൃഷി നടത്തണമെന്നും വീണാ ജോർജ് എം.എൽ.എ പറഞ്ഞു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ആർ. രാജേഷ് പദ്ധതി വിശദീകരണം നടത്തി. ജില്ലയിലെ 66 നീർച്ചാലുകളാണ് പുനരുജീവനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നതെന്നും നീർച്ചാലിലേക്കുള്ള മാലിന്യ നിക്ഷേപം തടയാൻ വേ ിയാണ് ഈ പദ്ധതി ജനകീയമായി നടത്താൻ തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

കുറ്റൂർ മധുരംപുഴയുടെ പുനരുജീവനം മാത്യു ടി. തോമസ് എം.എൽ.എ നിർവഹിച്ചു. ജനകീയ കൂട്ടായ്മയിലൂടെ വരട്ടാർ മോഡലിൽ ആറ് കിലോമീറ്റർ ഉ ായിരുന്ന മധുരംപുഴയെ വീെ ടുക്കാനുള്ള പ്രവർത്തനങ്ങളാണ് ആരംഭിക്കേ തെന്നും

ജനകീയ പ്രവർത്തനങ്ങളിൽ വരട്ടാറിനെ വീെ ടുക്കാൻ സജീവമായി പ്രയത്നിച്ച കൂറ്ററിന് മധുരംപുഴയുടെ പുനരുജീവനം സാധ്യമാകുമെന്നും മാത്യു ടി. തോമസ് എം.എൽ.എ പറഞ്ഞു.

കല്ലൂപ്പാറ പ്ലാങ്കൂട്ടത്തിൽപടി മുതൽ മണിമലയാറുവരെയുള്ള നീർച്ചാലിന്റെ ജനകീയ പങ്കാളിത്തത്തോടെ വൃത്തിയാക്കൽ പരിപാടിയുടെ നേതൃത്വം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയും നിർവഹിച്ചു. നൂറിലധികം ആളുകൾ നീർച്ചാലിന്റെ വൃത്തി യാക്കലിൽ പങ്കെടുത്തു. കോഴഞ്ചേരി അയന്തി നീർച്ചാലിന്റെ പുനരുജീവനം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ ജെറി മാത്യു സാം നിർവഹിച്ചു. 800 മീറ്റർ നീളമുള്ള ചാലാണ് ജനകീയ പങ്കാളിത്തത്തോടെ വൃത്തിയാക്കിയത്. മല്ലപ്പള്ളി പാറത്തോടിന്റെ പു നരുജീവനം പ്രവർത്തനങ്ങളുടെ നേതൃത്വം മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റജി ശാമുവലും ചെറുകോൽ കുഴിമണ്ണിൽ പടി കാട്ടൂർ ഏലാ തോടിന്റെ വീെ ടുപ്പ് പ്രവർത്തനങ്ങൾക്ക് ചെറുകോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വത്സമ്മ എബ്രഹാം നേതൃത്വം നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയ കൂട്ടായ്മയിലൂടെയാണ് പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

***ഫോട്ടോ അടിക്കുറിപ്പുകൾ: വീണാ ജോർജ്:-***

ഓമല്ലൂർ മുള്ളനിക്കാട് മേലേച്ചിറ വലിയ തോടിന്റെ പുനരുജീവന പ്രവർത്തനങ്ങൾ വീണാ ജോർജ് എം.എൽ.എയുടെ ഉദ്ഘാടനം ചെയ്യുന്നു.

***വീണാ ജോർജ് 1:-*** ഓമല്ലൂർ മുള്ളനിക്കാട് മേലേച്ചിറ വലിയ തോടിന്റെ പുനരുജീവന പ്രവർത്തനങ്ങൾ വീണാ ജോർജ് എം.എൽ.എയുടെ നേതൃത്വത്തിൽ നടക്കുന്നു.

***മാത്യു ടി തോമസ്:- കുറ്റൂർ*** മധുരംപുഴയുടെ പുനരുജീവനത്തിന്റെ ഉദ്ഘാടനം മാത്യു ടി. തോമസ് എം.എൽ.എ നിർവഹിക്കുന്നു.

(പിഎൻപി 3704/19)

## ശബരിമല തീർഥാടനം: കൈപ്പുസ്തകം പ്രകാശനം ചെയ്തു

ശബരിമലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം തയാറാക്കിയ കൈപ്പുസ്തകം രാജു ഏബ്രഹാം എംഎൽഎയിൽ നിന്നും ഏറ്റുവാങ്ങി ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്തു.

പമ്പയിലെ ദേവസ്വം കോൺഫറൻസ്ഹാളിൽ നടന്ന ചടങ്ങിൽ പി.സി ജോർജ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ. വാസു, ദേവസ്വം ബോർഡ് മെമ്പർ അഡ്വ.എൻ. വിജയകുമാർ, പൊതുഭരണ-ദേവസ്വം സെക്രട്ടറി കെ.ആർ ജ്യോതിലാൽ, പത്തനംതിട്ട ജില്ലാ കളക്ടർ പി.ബി നൂഹ്, കോട്ടയം ജില്ലാ കളക്ടർ പി.കെ. സുധീർബാബു, ജില്ലാ പോലീസ് മേധാവി ജി. ജയദേവ്, ശബരിമല എഡിഎം:എൻ.എസ്.കെ ഉമേഷ്, തിരുവല്ലാ സബ് കളക്ടർ ഡോ.വിനയ് ഗോയൽ, ദേവസ്വം ബോർഡ് കമ്മീഷണർ എം.ഹർഷൻ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ജി. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ചുമതലകൾകാര്യക്ഷമമായി നിർവഹിക്കാൻ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനാണ് കൈപ്പുസ്തകം തയാറാക്കിയിരിക്കുന്നത്. ദുരന്തസാഹചര്യങ്ങളിൽ എങ്ങനെ പ്രവർത്തിക്കണമെന്നുള്ള നിർദേശം പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടു ്. ശബരിമലയുമായി ബന്ധപ്പെട്ട സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും വിവരങ്ങൾ ഭൂപടം അടക്കം നൽകിയിട്ടുള്ളതിനാൽ വളരെ പെട്ടെന്ന് തീരുമാനങ്ങൾ എടുക്കാൻ ഉദ്യോഗസ്ഥർക്ക് സഹായകമാകും. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു ്. ശബരിമലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, ക്രമസമാധാനപാലനം ഉറപ്പുവരുത്തുക, ശബരിമലയെ പ്ലാസ്റ്റിക്മുക്ത മേഖലയായി നിലനിർത്തുക എന്നിവയാണ് എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ പ്രധാന ചുമതലകൾ. എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ നേതൃത്വത്തിൽ ശബരിമലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നിനു വേ എല്ലാ വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തിലാണ് കൈപ്പുസ്തകം തയാറാക്കിയിട്ടുള്ളതെന്ന് ജില്ലാ കളക്ടറും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനുമായ പി.ബി. നൂഹ് പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: മിനിസ്റ്റർ ബുക്ക്:-*** ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ ഭരണകൂടം തയാറാക്കിയ കൈപ്പുസ്തകം രാജു ഏബ്രഹാം എംഎൽഎയിൽ നിന്നും ഏറ്റുവാങ്ങി ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്യുന്നു.

(പിഎൻപി 3705/19)

## ശബരിമല തീർഥാടനം; ഹോട്ടലുകളിൽ സ്പെഷൽ സ്ക്വാഡ് മിന്നൽ പരിശോധന നടത്തി

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവടങ്ങളിലെ ഹോട്ടലുകളിലും ബേക്കറികളിലും ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ

എന്നിവരുടെ നേതൃത്വത്തിലുള്ള സ്‌ക്വാഡ് മിന്നൽ പരിശോധന നടത്തി. പൈപ്പ്ലൈൻ വഴി നിർദ്ദിഷ്ട രീതിയിൽ സുരക്ഷാ മാനദണ്ഡങ്ങളോടെ എൽ.പി.ജി ഉപയോഗിക്കുന്ന ഹോട്ടലുകൾ ഒഴികെയുള്ള സ്ഥാപനങ്ങൾ ഒരേസമയം അഞ്ച് കോമേഴ്‌ഷ്യൽ സിലി റുകളിൽ കൂടുതൽ (100 കി.ഗ്രാം) ഉപയോഗിക്കരുതെന്ന് കർശന നിർദ്ദേശം നൽകി. ജില്ലാ കളക്ടർ അംഗീകരിച്ച ഭക്ഷ്യ സാധനങ്ങളുടെ വിലവിവരപ്പട്ടിക പൊതുജനങ്ങൾ കാണുന്ന സ്ഥലത്ത് വ്യക്തമായി പ്രദർശിപ്പിക്കുവാനും നിശ്ചയിച്ച വിലയിൽ കൂടുതൽ ഒരു കാരണവശാലും ഈടാക്കരുതെന്നും ഹോട്ടൽ നടത്തിപ്പുകാരോട് നിർദ്ദേശിച്ചു.

മരക്കൂട്ടം മുതൽ സന്നിധാനം ഉൾപ്പെടെയുള്ള ഭാഗങ്ങളിലെ 12 ഹോട്ടലുകളും 1 ബേക്കറിയും പരിശോധിച്ചു. കാലിയായ ഗ്യാസ് സിലി റുകൾ കൂടുതലായി കാണപ്പെട്ടത് സ്‌ക്വാഡിന്റെ സാന്നിധ്യത്തിൽ മാറ്റി. പമ്പയിൽ 15 ഹോട്ടലുകളും 1 ഫ്രൂട്ട് സ്റ്റാളും പരിശോധിച്ചു. നിലയ്ക്കൽ, പ്ലാപ്പള്ളി, നാറാണംതോട്, തുലാപ്പള്ളി ഭാഗങ്ങളിലുമായി 23 ഹോട്ടലുകളിലും പരിശോധന നടത്തി. ആകെ 52 സ്ഥാപനങ്ങളിൽ സ്പെഷ്യൽ ടീമിന്റെ പരിശോധന നടന്നു. പ്രത്യേക പരിശോധനാ ടീമിന്റെ മിന്നൽ പരിശോധനകൾ തുടർന്നും ഉ ാകുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

ജില്ലാ കളക്ടറുടെയും ശബരിമല സ്പെഷ്യൽ ഓഫീസറുടെയും പ്രത്യേക നിർദ്ദേശ പ്രകാരം ശബരിമല മണ്ഡല മകരവിളക്കിനോടനുബന്ധിച്ച് ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും എൽ.പി.ജി/വിലനിലവാര സംബന്ധമായ പരിശോധനയ്ക്ക് വേ ിയുള്ള മൂന്ന് ടീമുകളാണ് പരിശോധന നടത്തിയത്.

(പിഎൻപി 3706/19)

## അധ്യാപക ഒഴിവ്; കൂടികാഴ്ച ഇന്ന്(20)

ഭാരത് ഹിന്ദി പ്രചാരകേന്ദ്രം അടൂരിൽ നടത്തുന്ന കേരള ഗവൺമെന്റ് ഹിന്ദി ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് ഡിഗ്രി, പി.ജി, ബി.എഡ് യോഗ്യതയുള്ള അധ്യാപകരുടെ കൂടികാഴ്ച ഇന്ന് (20) നടക്കും. ഫോൺ : 04734 226028, 8547126028.

(പിഎൻപി 3707/19)

## വനിതാ കമ്മീഷൻ മെഗാ അദാലത്ത് ഇന്ന്

കേരള വനിതാ കമ്മീഷൻ മെഗാ അദാലത്ത് ഇന്ന്(20) രാവിലെ 10.30 മുതൽ പത്തനംതിട്ട കളക്ടറേറ്റ് കോഫറൻസ് ഹാളിൽ നടക്കും.

(പിഎൻപി 3708/19)

## ശബരിമല ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ദീപ മെഡിക്കൽസ്, എലിയറയ്ക്കൽ കോന്നി, നീതി മെഡിക്കൽസ്റ്റോർ മൈലപ്ര, ജിനി മെഡിക്കൽസ് മാരാമൺ, നന്മ മെഡിക്കൽസ് & സർജിക്കൽസ് കോഴഞ്ചേരി, സാംകോ ഡ്രഗ് ഹൗസ് സെൻട്രൽ അടൂർ, നീതി മെഡിക്കൽ സ്റ്റോർ കുളനട, ജനകീയ മെഡിക്കൽസ് തിരുവല്ല, സെന്റ് തോമസ് മെഡിക്കൽ സ്റ്റോർ റാന്നി, ഗ്രേസ് മെഡിക്കൽസ് വടശ്ശേരിക്കര.

(പിഎൻപി 3709/19)

## ക്വട്ടേഷൻ ക്ഷണിച്ചു

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന നടപ്പിലാക്കുവാൻ അംഗീകാരം ലഭിച്ച ജില്ലാ പഞ്ചായത്ത് പദ്ധതി പ്രവൃത്തി ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ലഭിക്കേ അവസാന തീയതി ഡിസംബർ 31 ഉച്ചയ്ക്ക് ഒരു മണി. കൂടുതൽ വിവരങ്ങൾക്ക് പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0468 2224070.

(പിഎൻപി 3710/19)

## ഇന്ത്യ സ്കിൽസ് കേരള 2020; രജിസ്ട്രേഷൻ 31 വരെ

യുവജനങ്ങളുടെ നൈപുണ്യശേഷി ക ത്തി പരിപോഷിപ്പിക്കുന്നതിനും അത് പ്രകടിപ്പിക്കുന്നതിനും മാറ്റുരയ്ക്കുന്നതിനുമായി വ്യാവസായിക പരിശീലന വകുപ്പും കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസും ചേർന്ന് ഇന്ത്യ സ്കിൽസ് കേരള 2020 യുടെ ജില്ലാതല മത്സരങ്ങൾ ജനുവരി 15 മുതൽ 20 വരെ തീയതികളിൽ ചെന്നീർക്കര ഐ.ടി.ഐ യിൽ നടത്തും. 1999 ജനുവരി ഒന്നിന് ശേഷം ജനിച്ച ആർക്കും സ്വയം ആർജ്ജിച്ച നൈപുണ്യവുമായി ഈ മത്സരത്തിൽ മാറ്റുരയ്ക്കാം. 42 സ്കില്ലുകളിൽ ആണ് ഇത്തവണ സംസ്ഥാനതല മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. ഫെബ്രുവരി 22 മുതൽ 24 വരെ കോഴിക്കോട് സ്വപ്ന നഗരിയിൽ നടക്കുന്ന സംസ്ഥാനതല മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും ര ാം സ്ഥാനം ലഭിക്കുന്നവർക്ക് 50000 രൂപയും പങ്കെടുക്കുന്നവർക്കെല്ലാം 10000 രൂപയും സർട്ടിഫിക്കറ്റുകളും ലഭിക്കും. തുടർന്നുള്ള ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ഉതകുന്ന തരത്തിലുള്ള വിദഗ്ധ പരിശീലനം സർക്കാർ ചെലവിൽ ഇന്ത്യക്ക് അകത്തും പുറത്തും ഇവർക്ക് ലഭ്യമാക്കും. ദേശീയതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് 2021 ൽ ചൈനയിലെ ഷാങ്ഹായിൽ നടക്കുന്ന വേൾഡ് സ്കിൽസ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നതിനും അവസരം ലഭിക്കും. www.indiaskillskerala.com എന്ന വെബ് സൈറ്റിൽ ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉ ്. വിശദവിവരങ്ങൾക്ക് മേൽ പറഞ്ഞ സൈറ്റ് സന്ദർശിക്കുകയോ തൊട്ടടുത്തുള്ള ഐ.ടി.ഐ ൽ അന്വേഷിക്കുകയോ ചെയ്യുക.

(പിഎൻപി 3711/19)

## ചായക്ക് പകരം നെല്ലിക്കാ ജ്യൂസുമായി ആരോഗ്യ വകുപ്പ്

യോഗത്തിൽ പങ്കെടുത്തവർക്ക് നെല്ലിക്കാ ജ്യൂസും വിവിധ പഴവർഗങ്ങളും നൽകി വ്യത്യസ്തമായി ആരോഗ്യ വകുപ്പ്. ആർദ്രം ജനകീയ ക്യാമ്പയിൻ സംബന്ധിച്ച് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടിയ തദ്ദേശ സ്വയംഭരണ സ്ഥാപന തലവന്മാരുടെ യോഗത്തിലാണ് ചായയും എണ്ണ പലഹാരവും ഒഴിവാക്കി ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസ് മാതൃകയായത്.

രോഗ പ്രതിരോധത്തിന് ഊന്നൽ നൽകി ആരോഗ്യ രംഗത്ത് നാം അഭിമുഖീകരിക്കുന്ന ജീവിതശൈലീ രോഗങ്ങളടക്കമുള്ള പ്രശ്നങ്ങൾക്ക് സ്ഥായിയായ

പരിഹാരം കാണേ തു ്. ഇതിനായി വ്യക്തിതലത്തിലും കുടുംബതലത്തിലും തൊഴിലിടങ്ങളിലും സ്കൂള്‍ കോളജ് തലത്തിലും വലിയ രീതിയിലുള്ള മാറ്റം വരുത്തുവാന്‍ കഴിയുന്ന ജനപങ്കാളിത്തത്തോടെയുള്ള പരിപാടികളാണ് നടപ്പിലാക്കാന്‍ തീരുമാനിച്ചിരിക്കുന്നത്.

ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, മാനസീകാരോഗ്യത്തിന്റെ പ്രാധാന്യം, ലഹരി നിര്‍മ്മാര്‍ജനം, മാലിന്യ സംസ്കരണം, നല്ല ആരോഗ്യശീലങ്ങള്‍ രൂപപ്പെടുത്തല്‍ തുടങ്ങിയ ആശയങ്ങളില്‍ ഊന്നി കൊ ുള്ള പ്രചാരണ പരിപാടികളും പ്രവര്‍ത്തനങ്ങളുമാണ് ക്യാമ്പെയിന്റെ ഭാഗമായി നടപ്പിലാക്കുന്നതെന്ന് ജില്ലാ മെഡിക്കല്‍ ഓഫീസര്‍ (ആരോഗ്യം) അറിയിച്ചു.

(പിഎന്‍പി 3712/19)

## ശബരിമല തീര്‍ഥാടനം; മല കയറുമ്പോള്‍ അതീവ ശ്രദ്ധ വേണമെന്ന് ജില്ലാ മെഡിക്കല്‍ ഓഫീസര്‍

ശബരിമല തീര്‍ഥാടകര്‍ മല കയറുമ്പോള്‍ ഹൃദയാഘാതം ഉ ാകാതിരിക്കാന്‍ അതീവശ്രദ്ധ വേണമെന്ന് ജില്ലാ മെഡിക്കല്‍ ഓഫീസര്‍(ആരോഗ്യം) ഡോ. എ.എല്‍ ഷീജ അറിയിച്ചു. ഈ തീര്‍ഥാടന കാലത്ത് മല കയറുമ്പോഴു ായ 14 മരണങ്ങളില്‍ ആറുപേരും 40 വയസില്‍ താഴെ പ്രായമുള്ളവരാണ്. വ്യായാമമില്ലായ്മയും തെറ്റായ ആഹാര രീതിയുമൊക്കെ ഈ അവസ്ഥയ്ക്ക് കാരണമാകാം.

പമ്പ മുതല്‍ സന്നിധാനം വരെ ശരണപാതയില്‍ അടിയന്തര വൈദ്യ സഹായകേന്ദ്രങ്ങള്‍ പ്രവര്‍ത്തിക്കുന്നു ്. ഇവയില്‍ ഹൃദയ പുനരുജീവന യന്ത്രം ഉള്‍പ്പെടെയുള്ള സജ്ജീകരണങ്ങള്‍ ഉ ്. പരിശീലനം ലഭിച്ച നേഴ്സുമാരുടെ സേവനം ഈ കേന്ദ്രങ്ങളില്‍ നിന്നും ലഭിക്കും. മല കയറുമ്പോള്‍ ആരോഗ്യ പ്രശ്നങ്ങള്‍ ഉ ാകുന്നവരെ ആരോഗ്യകേന്ദ്രങ്ങളില്‍ എത്തിക്കാന്‍ അയ്യപ്പ സേവാ സംഘം വോള ിയര്‍മാരുടെ സേവനം ലഭ്യമാണ്. നിലയ്ക്കല്‍, പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം, ചരല്‍മേട് ആശുപത്രികളില്‍ ഹൃദ്രോഗ വിദഗ്ധരുടെ സേവനം ലഭ്യമാണ്. വളരെ സാവധാനം മാത്രമേ മല കയറാവൂ. കിതപ്പോ നെഞ്ചുവേദനയോ മറ്റ് ആരോഗ്യ പ്രശ്നങ്ങളോ ഉ ായാല്‍ കയറ്റം നിര്‍ത്തി വൈദ്യസഹായം തേടണം. വയറു നിറയെ ആഹാരം കഴിച്ച ശേഷം ഉടന്‍ മല കയറരുത്. ശബരിമല തീര്‍ഥാടനത്തിന് തയ്യാറെടുക്കുന്നവര്‍ പതിവായി നടപ്പുള്‍പ്പടെയുള്ള വ്യായാമങ്ങള്‍ ചെയ്യണമെന്ന് ഡി.എം.ഒ നിര്‍ദ്ദേശിച്ചു.

(പിഎന്‍പി 3713/19)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| ഡിസംബർ 19<br>**December 19** | **2019** |

*1193 ധനു 3* വ്യാഴം

# പത്രക്കുറിപ്പ് -2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


**സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി:**
**ജില്ലാതല അവാർഡ് വിതരണം നാളെ (21)**

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ജില്ലാതല അവാർഡ് വിതരണോദ്ഘാടനവും അവാർഡ് ദാനവും നാളെ(21/12/19) വൈകിട്ട് മൂന്നിന് അടൂർ ഗവ.ഗേൾസ് ഹയർ സെക്കന്ററി ഹൈസ്കൂളിൽ കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ നിർവഹിക്കും. കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം മികച്ച കൃഷി വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർക്കുള്ള അവാർഡ് വിതരണം, സുസ്ഥിര കൃഷിക്കായുള്ള ദേശീയ ദൗത്യപ്രകാരം മാതൃകാ വില്ലേജ് പദ്ധതി പള്ളിക്കൽ പഞ്ചായത്തിന് അനുവദിച്ചു കൊ ുള്ള പ്രഖ്യാപനം എന്നിവ മന്ത്രി നടത്തും. ജില്ലയിലെ സംസ്ഥാനതല അവാർഡ് ജേതാക്കളായ കർഷകരേയും ഉദ്യോഗസ്ഥരെയും ചടങ്ങിൽ ആദരിക്കും.

ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി, എം.എൽ.എമാരായ മാത്യു ടി. തോമസ്, രാജു എബ്രഹാം, വീണാ ജോർജ്, കെ.യു ജനീഷ് കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമൻ കൊ ൂർ, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എലിസബത്ത് അബു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ടി. മുരുകേഷ്, സാം ഈപ്പൻ, അടൂർ മുൻസിപ്പൽ ചെയർപേഴ്സൺ ഷൈനി ബോബി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീന പ്രഭ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസന്നകുമാരി,

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ. രാധാകൃഷ്ണൻ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.പി സന്തോഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം ആശാ ഷാജി, പള്ളിക്കൽ പഞ്ചായത്ത് അംഗമായ കുഞ്ഞുമോൾ കൊച്ചു പാപ്പി, എൻ.ഡബ്ല്യു.ഡി.പി.ആർ.എ കൃഷി ഡെപ്യൂട്ടി ഡയറക്ടർ എൻ.ചന്ദ്രശേഖരൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷീല പണിക്കർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ കെ.എസ് പ്രദീപ്, കെ.വി സുരേഷ്, രാഷ്ട്രീയ പ്രതിനിധികളായ കെ.പി ഉദയഭാനു, എ.പി ജയൻ, ബാബു ജോർജ്, അശോകൻ കുളനട, അലക്സ് കണമല, വിക്ടർ ടി തോമസ്, എബ്രഹാം തലവടി, മു ക്കൽ ശ്രീകുമാർ, സമദ് മേപ്പുറത്ത്, വാളകം ജോൺ, തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 3714/19)

## ഭിന്നശേഷി കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണവും രക്ഷകർതൃ ശാക്തീകരണവും പുല്ലാട് ബി.ആർ.സിയിൽ വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളായ എസ്.വി.സുബിൻ, സാം ഈപ്പൻ, സമഗ്രശിക്ഷ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ.ജെ.ഹരികുമാർ, സമഗ്രശിക്ഷ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ കെ.വി.അനിൽ, ജില്ലാ പ്രോഗ്രാം ഓഫീസർ ജയലക്ഷ്മി എ.പി എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

***എസ്എസ്കെ:-*** സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ നടന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം വീണാ ജോർജ് നിർവഹിക്കുന്നു.

(പിഎൻപി 3715/19)

## നിരവധി ക്രിമിനൽ കേസുകളിലെ പ്രതികൾ പിടിയിൽ

മോഷണം, പിടിച്ചുപറി, അടിപിടി, ഗു ാ പിരിവ് തുടങ്ങി 18 കേസുകളിലെ പ്രതി ഉൾപ്പെടെ മൂന്നുപേരെ പുളിക്കീഴ് പോലീസ് അറസ്റ്റ് ചെയ്തു. നിരണം മു നാലിൽ വീട്ടിൽ അനീഷ് കുമാർ, നിരണം ഉപ്പക്കേരിൽ വീട്ടിൽ ദിലീപ് (38),ഹരിപ്പാട് കരുവാറ്റ പുത്തൻപുരയിൽ വീട്ടിൽ വിഷ്ണു (20)എന്നിവരെയാണ് കട്ടപ്പനയിൽ നിന്നു കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്.

നിരണം പഞ്ചായത്ത് കേരളോത്സവത്തിൽ ഫുട്ബോൾ മത്സരത്തിനിടയിൽ ഉ ായ അടിപിടി കേസിലും നിരണം പഞ്ചായത്ത് അംഗം റോയിയെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലും പ്രതികളാണ് ഇവർ. കേരളോത്സവത്തിനിടെ പ്രശ്നമു ാക്കി ഫൈസൽ എന്ന യുവാവിനെയും പിന്നീട് പഞ്ചായത്ത് അംഗത്തെയും മാരകായുധങ്ങളുമായി ആക്രമിച്ചു പരിക്കേൽപ്പിച്ച അനീഷും സംഘവും പോലീസിന് പിടികൊടുക്കാതെ മുങ്ങുകയായിരുന്നു. മൊബൈൽ ഫോൺ ഉപയോഗിക്കാത്ത അനീഷിനെ ജില്ലാ സൈബർ സെല്ലിലെ വിദഗ്ധരായ പോലീസ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ തന്ത്രപരമായി കുടുക്കുകയായിരുന്നു. ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച

രഹസ്യ വിവരത്തെ തുടർന്ന് അന്വേഷണ സംഘം സംയുക്തമായി നടത്തിയ നീക്കം ഒടുവിൽ ഫലം കാണുകയായിരുന്നു.

നിരന്തരം നാട്ടിൽ പ്രശ്നമു ാക്കി പൊതുജനങ്ങൾക്ക് ശല്യം ഉ ാക്കിയിരുന്ന അനീഷിനെതിരെ കഴിഞ്ഞ സെപ്റ്റംബറിൽ കേസെടുത്തിരുന്നതായി പുളിക്കീഴ് പോലീസ് ഇൻസ്പെക്ടർ ടി. രാജപ്പൻ അറിയിച്ചു. ഗു ാ ലിസ്റ്റിലുള്ള ആളായിതാൽ ഗു ാ നിയമപ്രകാരംനടപടി സ്വീകരിച്ച് വരുന്നതായും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

പോലീസിനെ കബളിപ്പിച്ചു മുങ്ങി നടന്ന ഇയാളെയും സംഘത്തെയും ആന്റിനാർക്കോട്ടിക് ടീമും ജില്ലാ സൈബർ സെല്ലും നിരന്തരം നിരീക്ഷിച്ചുവരികയായിരുന്നു. ജില്ലാ പോലീസ് മേധാവി ജി. ജയദേവിന്റെ നിർദേശപ്രകാരം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ജോസിന്റെ മേൽനോട്ടത്തിൽ പുളിക്കീഴ് പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള അന്വേഷണസംഘം പ്രതികളെ കുടുക്കിയത്.

സംഘത്തിൽ പുളിക്കീഴ് പോലീസ് ഇൻസ്പെക്ടർക്കൊപ്പം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരായ അഖിലേഷ്, മിഥുൻ ജോസ്, വിനീഷ് എന്നിവരും, ആന്റിനാർക്കോട്ടിക് ടീമിലെ എസ് ഐ മാരായ രഞ്ജു, രാധാകൃഷ്ണൻ സി.പി.ഒ മാരായ സുജിത്ത്, അജി, ശ്രീരാജ് എന്നിവരുമു ായിരുന്നു. അന്വേഷണത്തിന് ജില്ലയിലെ സൈബർ സെല്ലിലെ പോലീസ് ഉദ്യോഗസ്ഥരായ എസ്.സി.പി.ഒ മാരായ ശ്രീകുമാർ, അനൂപ് മുരളി, സുരേഷ് എന്നിവരും സഹായിച്ചു.

(പിഎൻപി 3716/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.